(എ) താലൂക്ക് ആസ്ഥാനമായ വടക്കാഞ്ചേരിയിൽ പല ഗവൺമെന്റ് സ്ഥാപനങ്ങളിലും വിവിധ സ്ഥലങ്ങളിലായി വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ വിവിധ കെട്ടിടങ്ങൾ പ്രവർത്തിച്ചുവരുന്ന സർക്കാർ ഓഫീസുകൾ താലൂക്ക് ആസ്ഥാനമായ വടക്കാഞ്ചേരിയിൽ പ്രവർത്തിക്കുന്നതിന് വടക്കാഞ്ചേരിയിൽ ഒരു റവന്യൂ ടവർ പണിയുന്നകാര്യം സർക്കാർ പരിഗണിക്കുമോ;

(സി) ഇപ്പോൾ തഹസിൽദാർ ഓഫീസ് പ്രവർത്തിച്ചുവരുന്ന പഴയ കെട്ടിടം പുതുക്കി പണിയുന്നതിനും ഓഫീസിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വേണ്ട അടിയന്തിര നടപടി സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

312 (1497) **പുന്നയ്ക്കൽ ചുങ്കം-കളത്തിക്കടവ് ബണ്ട് കം റോഡിന്റെ നിർമ്മാണം**

ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ പുന്നയ്ക്കൽ ചുങ്കം-കളത്തിക്കടവ് ബണ്ട് കം റോഡിന്റെ നിർമ്മാണം റവന്യൂ അധികൃതർ നിരോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആരുടെ പരാതിയുടെ അടിസ്ഥനത്തിലാണ് ബണ്ടിന്റെ പണി നിർത്തിവച്ചത് എന്ന് വ്യക്തമാക്കുമോ;

(സി) ഇതുസംബന്ധിച്ച് എന്തു തീരുമാനം എടുത്തു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ബണ്ട് കം റോഡിന്റെ നിർമ്മാണം കോട്ടയം തഹസിൽദാരുടെ നിർദ്ദേശാനുസരണം പനച്ചിക്കാട് വില്ലേജാഫീസർ 8.12.99-ൽ 383/99 നമ്പർ നിരോധന ഉത്തരവ് നിലം ഉടമയ്ക്ക് നൽകിയിട്ടുണ്ട്.

(ബി) കേരള ഭൂവിനിയോഗ നിയമപ്രകാരം നിലം നികത്തുന്നതിന് റവന്യൂ ഡിവിഷണൽ ആഫീസറുടെ അനുമതി ആവശ്യമാണ്. എന്നാൽ അനുമതി ഇല്ലാതെയുള്ള നിലംനികത്തൽ ശ്രദ്ധയിൽപ്പെട്ടതിനാലാണ് നിരോധന ഉത്തരവ് നിലം ഉടമയ്ക്ക് നൽകിയത്.

(സി) ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി എം.എൽ.എ. ടി ബണ്ട് കം റോഡിന്റെ നിർമ്മാണം സംബന്ധിച്ചുള്ള തടസ്സം കോട്ടയം ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് ടി കാര്യത്തിൽ കോട്ടയം പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ, കോട്ടയം മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ്

LIBRARY ARCHIVES Kerala Legislative Assembly

എൻഞ്ചിനീയർ എന്നിവരോട് റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. ഇതിനെത്തുടർന്ന് കോട്ടയം മൈനർ ഇറിഗേഷൻ സബ്ഡിവിഷൻ എക്സിക്യൂട്ടീവ് എൻഞ്ചിനീയർ 10.12.99-ൽ എ2-1000/99 പ്രകാരം കോട്ടയം റവന്യൂ ഡിവിഷണൽ ആഫീസർക്ക് നൽകിയ കത്തിൽ അലംപാകിരി-ചെല്ലിത്തറ പാടശേഖരത്തിനുവേണ്ടിയുള്ള ടി ബണ്ട് കം റോഡിന്റെ നിർമ്മാണത്തിനുവേണ്ടി നിലം നികത്തുവാൻ അനുവാദം നൽകണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. ഇത് പരിശോധനയിലാണ്. അന്തിമതീരുമാനം എടുത്തിട്ടില്ല.

313 (1500) തുറയൂർ വില്ലേജ് ഓഫീസ് കെട്ടിടം

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്കിലെ തുറയൂർ വില്ലേജ് ഓഫീസിന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എത്ര രൂപ എസ്റ്റിമേറ്റാണ് അംഗീകരിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത ഓഫീസിന്റെ പണി എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; തുടങ്ങിവച്ച പണിക്ക് ആവശ്യമായ പണം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1,20,000/- രൂപയുടെ എസ്റ്റിമേറ്റാണ് അംഗീകരിച്ചിട്ടുള്ളത്.

(ബി) 31.3.2000-നകം പണി പൂർത്തിയാക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. തറയുടെ പണി പൂർത്തിയാക്കുകയും 10,877/- രൂപ ആയതിലേക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

314 (1505) ഹിൽസ്റ്റാർ ലൈബ്രറി

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ഹിൽസ്റ്റാർ ലൈബ്രറി, കുടിയാൻമല എന്ന സംഘടനയുടെ പട്ടയരേഖകൾ നഷ്ടപ്പെട്ടുപോയതു നിമിത്തം പകരം പട്ടയരേഖ ആവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത വായനശാലയുടെ പ്രസിഡന്റ് ശ്രീ. ജോസ് കാരക്കുന്നേൽ അപേക്ഷ നൽകിയിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ;

(സി) ഇതു സംബന്ധിച്ച് അടിയന്തിര നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) അപേക്ഷ ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) അപേക്ഷ ലഭിക്കുന്നപക്ഷം നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly